# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4235 — 24.06.2019-ലെ മറുപടി

### പ്രധാന നഗരങ്ങളിൽ കുടിവെള്ള വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | എ.ഡി.ബിയിൽ നിന്ന് വായ്പ സ്വീകരിച്ച് പ്രധാന നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ എ.ഡി.ബിയുടെ ധനസഹായത്തോടെ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ഇതുവരെയും വ്യവസ്ഥകളിലൊന്നും ഏർപ്പെട്ടിട്ടില്ല. |
| (ബി) | കേരള വാട്ടർ അതോറിറ്റിയുടെ പുന:സംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്; ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂരിന്റെ പഠന റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യ ക്ഷമവുമാക്കുന്നതിനായി പൗരാവ കാശരേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | 4. ഉപഭോക്തൃ സേവനത്തി നുള്ള മാർഗ്ഗ രേഖ തയ്യാറാക്കി.<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്ന തിനായി എല്ലാ സബ്ഡിവി ഷിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.<br>6. അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേയ്മെൻറ് സംവിധാനവും കംപ്ലെയിൻറ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി. |
| (സി) | കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | 2018 - 19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 327.80 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2019 - 20 സാമ്പത്തിക വർഷം ഈ തുക 356.72 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**